**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** **08-02-2023 - ൽ മറുപടിയ്ക്ക്**

**ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമാണ നടപടികൾ പാതിവഴിയിൽ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2021 ഡിസംബർ 31-നകം എല്ലാ പണികളും പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാമെന്ന 2021 ജൂണിൽ ചേർന്ന മന്ത്രിതല യോഗത്തിലെ തീരുമാനം നടാപ്പാക്കാനാകാത്ത സാഹചര്യത്തിൽ എന്തെല്ലാം തുടർനടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ; | (ബി) | നിലവിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എം.എൽ.എ യുടെ നിയോജക മണ്ഡല ആസ്തിവികസന പദ്ധതിയിൽ (2022-23) ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിച്ചതിനെ തുടർന്ന് KRDCL എന്ന PMC ഏജൻസി മുഖേന രൂപരേഖ തയ്യാറാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | എം.എൽ.എ യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച രണ്ടു കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ഫണ്ടിൽ നിന്നും എന്തെല്ലാം പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കുന്നത്; വിശദാംശം നൽകുമോ; | (സി) | സർക്കാർ ഉത്തരവ് നമ്പർ 5861/2022 ധന തീയതി 19/8/2022 പ്രകാരം KSRTC ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്, മലപ്പുറം എന്ന നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br><br>Level 1-ൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണ പ്രവർത്തനങ്ങൾക്കും യാർഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കും ഇതിനാവശ്യമായ പ്ലംബിംഗ് വർക്ക്, ഇലക്ട്രിക്കൽ വർക്ക് എന്നിവയ്ക്കുമാണ് ടി തുക വിനിയോഗിച്ച് നിർവഹിക്കാൻ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) | ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമാണ്; കരാറുകാരന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തിട്ടുണ്ടോ; | (ഡി) | Level 2-ൽ യാർഡ് വർക്ക്, Flooring, Rolling Shutter, Painting Work എന്നിവയും, Level 1-ൽ Toilet work, Flooring work, Painting, Electrical, Fire & Safety, Lift & Excalator എന്നിവയും first floor-ൽ Commercial purpose balance work, Toilet work എന്നിവയും പൂർത്തീയാക്കാൻ ഉണ്ട്. |

| | | | |
|---|---|---|---|
| | | | കരാറുകാരന് ഇതുവരെ 3,90,72,989/- രൂപ നൽകിയിട്ടുണ്ട്. അവസാനമായി ലഭിച്ച ബില്ലിലെ അപാകതകൾ പരിഹരിക്കുന്നതിനായി PMC ആയ M/s. HLLന് 15/12/22-ൽ കത്ത് അയച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ബില്ല് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ബാക്കി തുക കരാറുകാരന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രവൃത്തി ആരംഭിച്ച് ആറര വർഷം പിന്നിട്ട സാഹചര്യത്തിൽ ഇനിയും കാലതാമസം കൂടാതെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എത്രയും വേഗം പണികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | MLA ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 2 കോടി രൂപയുടെ പ്രവൃത്തി M/s. KRDCL മുഖേന 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ